**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 223** **10-06-2024 - ൽ മറുപടിയ്ക്ക്**

**ചെറൂപ്പ സി.എച്ച്.സി.യിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ എക്സ്റ്റെൻഷൻ സെന്ററായി പ്രവർത്തിച്ച് വന്നിരുന്ന ചെറൂപ്പ സി.എച്ച്.സി.യുടെ ഭരണ നിയന്ത്രണം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകിയ പശ്ചാത്തലത്തിൽ അന്യത്ര സേവന വ്യവസ്ഥയിലും ജോലി ക്രമീകരണത്തിന്റെ ഭാഗമായും മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്നവരെ തിരിച്ചുകൊണ്ടു വരുന്നതിന് മന്ത്രിതല യോഗത്തിലെടുത്ത തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ചെറൂപ്പ എം.സി.എച്ച് യൂണിറ്റിലെ ജീവനക്കാർ അന്യത്ര വ്യവസ്ഥയിലും ജോലി ക്രമീകരണത്തിന്റെ ഭാഗമായും മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നില്ല. |
| (ബി) | ഈ രീതിയിൽ ഇതര സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന എത്ര ജീവനക്കാരാണ് നിലവിലുള്ളത്; അവരുടെ പേരും തസ്തികയും നിലവിൽ ജോലി ചെയ്തുവരുന്ന സ്ഥാപനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത സി.എച്ച്.സി. യിൽ അനുവദിക്കപ്പെട്ട തസ്തിക പ്രകാരമുള്ള മുഴുവൻ ജീവനക്കാരെയും അവിടെ തന്നെ നിയമിക്കുന്ന നടപടി എപ്പോൾ മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ചെറൂപ്പ എം.സി.എച്ച് യൂണിറ്റിൽ (CHC) നിലവിൽ അനുവദിച്ച തസ്തികകളിൽ ഒഴിവുകളില്ല. |

സെക്ഷൻ ഓഫീസർ